## <u>ലിറ്റിൽ ഫ്ലവർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജി – DR.ELIZABETH JOSEPH</u>

1964 -ൽ നേത്രചികിത്സാ വിദഗ്ധനായ ഡോ.ശുക്ലയുടെ നേതൃത്വത്തിൽ ആരംഭം, എളിയ തുടക്കം. മോൺ. ജോസഫ് പാണിക്കുളം ഡയറക്ടർ ആയിരിക്കെയാണ് നേത്രചികിൽസാ കേന്ദ്രം തുടങ്ങുന്നത്. തുടർന്ന് 1969 -ൽ ഡോ.ടോണി ഫെർണാണ്ടസ് എത്തിയതോടെ ചരിത്രം തിരുത്തപെട്ടു. മനുഷ്യൻ ചന്ദ്രനിൽ ആദ്യമായി ഇറങ്ങിയ തിയതിയും ലിറ്റിൽ ഫ്ലവർ ആശുപത്രിയുടെ നേത്രചികിത്സാ വിഭാഗത്തിന്റെ ചരിത്രവുമായി കൗതുകകരമായ സാമ്യമുണ്ട്. <u>1969 ജൂലൈ 20 ന് ലോക പ്രശസ്തനായ ഡോ.ടോണി ഫെർണാണ്ടസ് ലിറ്റിൽ ഫ്ലവർ ആശുപത്രിയുടെ ഭാഗദേയം തിരുത്തികുറിക്കുവാനും പുതിയ ചരിത്രം സൃഷ്ടിക്കാനും അങ്കമാലിയിൽ എത്തി. മാനവരാശി ചരിത്രം രചിച്ച ദിനവും അന്നുതന്നെ ആയിരുന്നു. മനുഷ്യൻ ചന്ദ്രനിൽ ആദ്യമായി കാലുകുത്തിയ ദിനവും അന്നുതന്നെ. ജനകോടികൾ ആകാശത്തേക്ക് വിസ്മയത്തോടെ മിഴിതുറന്നു ദിവസം.</u> ഡോ. ടോണി ഫെർണാണ്ടസ് ഇന്ത്യയെ തന്നെ പല നൂതന ശസ്ത്രക്രിയകളും ആദ്യമായി ചെയ്ത് ജനലക്ഷങ്ങൾക്ക് പുത്തൻ കാഴ്ചയിലേക്ക് മിഴിതുറക്കാൻ അവസരം ഒരുക്കി ചരിത്രം രചിക്കാൻ തയ്യാറെടുക്കുകയായിരുന്നു. തുടർന്നിങ്ങോട്ട് രാജ്യം പത്മശ്രീ പുരസ്ക്കാരം നൽകി അദ്ദേഹത്തെയും അതുവഴി ലിറ്റിൽ ഫ്ലവർ ആശുപത്രിയെയും ആദരിക്കുന്നതുവരെ സംഭവിച്ചതെല്ലാം ചരിത്രതാളുകളിൽ ഇടം നേടിയ കാര്യങ്ങളാണ്. മധുര മെഡിക്കൽ കോളേജിലെ അധ്യാപന ജോലിയിൽ നിന്നാണ് ഡോ. ടോണി ഫെർണാണ്ടസ് ലിറ്റിൽ ഫ്ലവർ ആശുപത്രിയിൽ എത്തുന്നത്. ദേശീയ, അന്തർദേശീയ തലങ്ങളിൽ ഡോ.ടോണി ഫെർണാണ്ടസും ലിറ്റിൽ ഫ്ലവർ ആശുപത്രിയും ഒരുപോലെ ശ്രദ്ധിക്കപ്പെട്ടു. കേരളത്തിന് ആധുനിക നേത്ര ചികിത്സാ ആദ്യം സമ്മാനിച്ച ആശുപത്രിയായി എൽ.എഫ് ആശുപത്രി മാറി. ഇന്ത്യയിൽ സ്വകാര്യ മേഖലയിലെ ആദ്യനേത്രബാങ്ക് ഇവിടെ സ്ഥാപിക്കപ്പെട്ടു. സൗജന്യ നേത്രചികിത്സാ ക്യാമ്പുകൾക്ക് തുടക്കമിട്ടു. കാഴ്ച പ്രശ്നങ്ങൾക്ക് ശസ്ത്രക്രിയാ സൗകര്യമുള്ള കേരളത്തിലെ ആദ്യ കേന്ദ്രമായി എൽ.എഫ് ആശുപത്രി മാറി. കണ്ണിനുള്ളിൽ ലെൻസുവച്ചുള്ള ആദ്യ ഇൻട്രാ ഒക്യൂലർ ലെൻസ് ഇൻപ്ലാൻറെഷൻ സർജറി, നേത്ര ചികിത്സയിൽ സൂപ്പർ സ്പെഷ്യലിറ്റി ക്ലിനിക്കുകൾക്ക് ആദ്യമായി തുടക്കം. സൗജന്യ നേത്രചികിത്സാ ക്യാമ്പുകൾക്കും, സ്കൂൾ കുട്ടികളുടെ നേത്രചികിത്സാ പദ്ധതികൾക്കും തുടക്കം. കാഴ്ച പരിമിതികൾക്കുള്ള റിഫ്രാക്ടിവ് സർജറികൾക്ക് തുടക്കം കുറിച്ചു. സംസ്ഥാനത്തെ ആദ്യ ഓഫ്തൽമിക് ലേസർ യൂണിറ്റ് ആരംഭിച്ചു. നേത്ര ചികിത്സയിൽ മെഡിക്കൽ തുടർ വിദ്യാഭ്യാസ പരിപാടികൾക്ക് തുടക്കം. 1970-

കളിൽ അന്താരാഷ്ട്ര സന്നദ്ധ പ്രസ്ഥാനങ്ങളായ ജർമനിയിലെ സി.ബി.എം ഇന്റർനാഷ്ണൽ കാനഡയിലെ ഓപ്പറേഷൻ ഐ സൈറ്റ് യൂണിവേഴ്സൽ എന്നിവ എൽ.എഫിലെ സൗകര്യങ്ങൾക്കുള്ള അംഗീകാരമായി അവരുടെ സഹകരണവും പിന്തുണയും വാഗ്ദാനം ചെയ്തു. ഇതോടെ നേത്രചികിത്സാ കേന്ദ്രം അപൂതപൂർവ്വമായ വളർച്ച കൈവരിച്ചു. ഈ നൂറ്റാണ്ടിൻറെ തുടക്കത്തിൽ അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന സന്നദ്ധ പ്രസ്ഥാനമായ ഓർബിസ് ഇന്റർനാഷണലിന്റെ പങ്കാളിത്തത്തോടെ കുട്ടികളുടെ നേത്രചികിൽസാ കേന്ദ്രത്തിന് അടിത്തറ പാകി. നവജാത ശിശുക്കളുടെ പോലും നേത്രരോഗങ്ങൾ കണ്ടെത്താനും സൗകര്യങ്ങൾ ഒരുങ്ങി. നേത്രരോഗ വിദഗ്ദർക്ക് സ്വദേശത്തും, വിദേശത്തും പരിശീലനം നേടാൻ അവസരം ഒരുങ്ങി. ഈ പരിശീലനം ലഭിച്ച ഡോക്ടർമാരുടെ നേതൃത്വത്തിൽ ഇവിടെ വിവിധ സബ്-സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു. കാറ്ററാക്റ്റ് ക്ലിനിക്, കോർണിയ ക്ലിനിക്, ഗ്ലോക്കോമ ക്ലിനിക്, റെറ്റിന ക്ലിനിക്, ഉവിയ ക്ലിനിക്, പീഡിയാട്രിക് ഓഫ്താൽമോളജി ക്ലിനിക്, ന്യൂറോ ഓഫ്താൽമോളജി ക്ലിനിക്, ഒക്യൂലോപ്ലാസ്റ്റി, കോണ്ടാക്റ്റ് ലെൻസ് ക്ലിനിക്, റിഫ്രാക്റ്റിവ് സർജറി, ഒക്കുലർ പ്രോസ്തസിസ് , ആൻഡ് ലോ വിഷൻ എയ്ഡ്സ് എന്നിവ ഒരേ കുടക്കീഴിൽ അണിനിരന്നതോടെ കാഴ്ചയുടെ വസന്തത്തിന് തുടക്കമായി. വിദഗ്ദ പരിശീലനം ലഭിച്ച ഡോക്ടർമാർ ഈ സ്പെഷ്യലിറ്റി ക്ലിനിക്കുകൾക്ക് നേതൃത്വം നൽകിയതോടെ അങ്കമാലിയിൽ അന്താരാഷ്ട്ര നേത്രചികിത്സക്ക് അരങ്ങൊരുങ്ങി.

ഇതോടൊപ്പം ഒരേ ക്യാമ്പസ്സിൽ ജെനെറൽ മെഡിസിൻ, പീഡിയാട്രിക്, പ്ലാസ്റ്റിക് സർജറി, ന്യൂറോളജി, നെഫ്രോളജി,കാർഡിയോളജി, അനസ്തേഷ്യയോളജി വിഭാഗങ്ങളുടെ സേവനം കൂടി ലഭിച്ചതോടെ രോഗികളുടെ എണ്ണം ദിനംപ്രതി കൂടി വന്നു. നേത്രവിഭാഗത്തിൽ 24 മണിക്കൂർ സുസജ്ജമായ അത്യാഹിത വിഭാഗം പ്രവർത്തനം ആരംഭിച്ചതോടെ ത്രിതീയ നേത്രചികിൽസാ കേന്ദ്രമായി സംസ്ഥാനം മുഴുവനുമുള്ള ആളുകളുടെ കാഴ്ചയുടെ അവസാന ആശ്രയകേന്ദ്രമായി ലിറ്റിൽ ഫ്ലവർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജി പടർന്ന് പന്തലിച്ചു. അന്യസംസ്ഥാനങ്ങളിൽ നിന്ന് പോലും ആളുകൾ നേത്രചികിത്സക്കായി ഇവിടെ വന്നു തുടങ്ങിയതോടെ ദക്ഷിണേന്ത്യയിൽ നേത്ര ചികിത്സയുടെ ശ്രദ്ധാകേന്ദ്രമായി അങ്കമാലി മാറി. രോഗികളുടെ സൗകര്യാർത്ഥം ചില ട്രെയിനുകൾക്ക് അങ്കമാലിയിൽ സ്റ്റോപ്പ് അനുവദിച്ചതും എൽ.എഫ് ആശുപത്രി അങ്കമാലിയെ കാഴ്ചയുടെ നഗരമാക്കി എന്നതിന് ദൃഷ്ടാന്തമായി. എന്നാൽ 2012 -ൽ മോൺ. സെബാസ്റ്റ്യൻ വടക്കുംപാടൻ ഡയറക്ടർ ആയിരിക്കെ എട്ടു നിലകളിൽ വിശാലമായ സൗകര്യമുള്ള സെൻറ് .അൽഫോൻസാ

ബ്ലോക്കിലേക്ക് നേത്രവിഭാഗം മാറിയതോടെ കേരളത്തിലെ ഏറ്റവും വലിയ നേത്രചികിൽസാ കേന്ദ്രം എന്ന ഖ്യാതി ഈ സ്ഥാപനത്തിന് സ്വന്തമായി. നേത്ര രോഗങ്ങളുടെ കാര്യത്തിൽ സമഗ്ര ചികിത്സാ കേന്ദ്രം എന്ന നേട്ടം സ്വന്തമാക്കി. 2014 -ൽ സുവർണ്ണ ജൂബിലി ആഘോഷിക്കുമ്പോൾ നേത്രവിഭാഗത്തിൽ മാത്രമായി 4 ഓപ്പറേഷൻ തിയറ്ററുകളും,16 സൂപ്പർസ്പെഷ്യലിറ്റി ക്ലിനിക്കുകളും,300 ഓളം കിടക്കകളും, 30 ഓളം ഡോക്ടർമാരും 100 ഓളം ഒപ്റ്റോമെട്രിസ്റ്റുകളും മറ്റു നേത്രപരിചരണ വിദഗ്ദരും, ടെക്നീഷ്യന്മാരും 24 മണിക്കൂറും ഏതൊരു സാഹചര്യം നേരിടാനും സുസജ്ജമായി നിലകൊള്ളുന്നുണ്ടിവിടെ. നേത്ര ചികിൽസാ കേന്ദ്രത്തിനു മാത്രം സമത്വമായ ആദ്യ നേട്ടങ്ങൾ. ഡോ.ടി.പി ഇട്ടീര, ഡോ.കെ.ഇ ഈപ്പൻ, പരേതനായ ഡോ. നോയൽ മോണിസ് എന്നീ പ്രഗത്ഭരായ ഡോക്ടർമാരുടെ സേവനവും നേത്രചികിത്സാ കേന്ദ്രത്തിന് ലഭിച്ചിട്ടുണ്ട്. നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ താഴെ പറയുന്നവരാണ്

1. ഇന്ത്യയിലെ ആദ്യ കണ്ണുമാറ്റിവക്കൽ ശസ്ത്രക്രിയ

2. കേരളത്തിലെ ആദ്യത്തെ കണ്ണിനകത്ത് ലെൻസ് വച്ചുള്ള ശസ്ത്രക്രിയ

3. ഇന്ത്യയിലെ സ്വകാര്യമേഖലയിലെ ആദ്യ നേത്രബാങ്ക്